## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5039

**28/10/2016**-ൽ മറുപടിയ്ക്ക്

### <u>ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം</u>

| **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | **മറുപടി**<br>**ശ്രീ. വി. എസ്. സുനിൽകുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യാൻ ഹോർട്ടികോർപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | എ) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി ഇടത്തട്ടുകാരെ ഒഴിവാക്കി പച്ചക്കറികൾ നേരിട്ട് സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന വില്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുകയും ചെയ്യുന്നു. വിപണനത്തിന് വേണ്ടിയുള്ള വിളവ് എവിടെ ഉണ്ടെന്ന് അറിയിപ്പ് ലഭിച്ചാലും അവിടെ നിന്നും പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് വരുന്നു. |
| ബി) പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പുതിയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണകേന്ദ്രങ്ങൾ ഇല്ലാത്ത വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ